"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പിലെ പത്തനംതിട്ട, പാലക്കാട്, മലപ്പുറം എന്നീ ജില്ലാ കാര്യാലയങ്ങൾക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.597/2026/LSGD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. 31.01.2023-ലെ സ.ഉ.(അച്ചടി) നം.11/2023/ധന സർക്കാർ ഉത്തരവ്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.06.2024-ലെ LSGD/PD/18803/2024-GEB2-നമ്പർ കത്ത്.

ഉത്തരവ്

വെഹിക്കിൾ സ്ക്രാപ്പിംഗ് നയത്തിന്റെ ഭാഗമായി 15 വർഷത്തിൽ അധികരിച്ച വാഹനങ്ങൾ ഉപയോഗിക്കാൻ പാടില്ലായെന്ന പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലും വിവിധ ജില്ല ജോയിന്റ് ഡയറക്ടറുടെ കാര്യാലയങ്ങളിലും, ജില്ല ടൗൺ പ്ലാനറുടെ കാര്യാലയങ്ങളിലുമുള്ള 15 വർഷം അധികരിച്ച വാഹനങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നും വാഹനങ്ങളുടെ ലഭ്യതക്കുറവ് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ നിലവിൽ സാരമായി ബാധിക്കുന്നുണ്ടെന്നും ആയതിനാൽ പത്തനംതിട്ട, പാലക്കാട്, മലപ്പുറം എന്നീ ജില്ല ജോയിന്റ് ഡയറക്ടർമാരുടെ കാര്യാലയത്തിന്റെ ആവശ്യത്തിനും, തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം എന്നീ ടൗൺ പ്ലാനർമാരുടെ ആവശ്യത്തിനും ഓരോ വാഹനം വീതവും, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യലയത്തിലേക്ക് രണ്ട് വാഹനവും ഉൾപ്പെടെ 8 വാഹനങ്ങൾ വാർഷിക കരാർ അടിസ്ഥാനത്തിൽ വാടകക്കെടുക്കുന്നതിനും ആയതിനുള്ള തുക 2515-00-001-44-00-97 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുമുള്ള അനുമതി നൽകണമെന്നും, പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള വെഹിക്കിൾ സ്ക്രാപ്പിംഗ് നയത്തിന്റെ ഭാഗമായി 15 വർഷത്തിൽ അധികരിച്ച വാഹനങ്ങൾ ഉപയോഗിക്കാൻ സാഹചര്യം ഇല്ലാത്തതിനാൽ, വാടകക്ക് എടുക്കുന്ന വാഹനങ്ങളുടെ പരമാവധി മാസ വാടക **40,000/- രൂപയിൽ** നിജപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ ടി വാഹനങ്ങൾക്കുള്ള ചെലവുകൾ **'2515-00-001-44-00-97 PV'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും വാഹനം വാടകക്ക് എടുക്കുന്നതിന് ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

- മലപ്പുറം ജില്ല ജോയിന്റ് ഡയറക്ടറേറ്റിന് നിലവിൽ വാഹനം ഇല്ലാത്ത സാഹചര്യത്തിൽ 15 വർഷം പൂർത്തിയായ **2 വാഹനങ്ങൾക്ക്** പകരമായി **ഒരു വാഹനം** വാടകക്ക് എടുക്കുന്നതിന്

അനുമതി നൽകുന്നു;

- പത്തനംതിട്ട ജില്ല ജോയിന്റ് ഡയറക്ടറേറ്റിന് നിലവിൽ വാഹനം ഇല്ലാത്ത സാഹചര്യത്തിൽ 15 വർഷം പൂർത്തിയായ 5 **വാഹനങ്ങൾക്ക്** പകരമായി **രണ്ട് വാഹനം** വാടകക്ക് എടുക്കുന്നതിന് അനുമതി നൽകുന്നു;
- പാലക്കാട് ജില്ല ജോയിന്റ് ഡയറക്ടറേറ്റിന് നിലവിൽ വാഹനം ഇല്ലാത്ത സാഹചര്യത്തിൽ 15 വർഷം പൂർത്തിയായ 5 **വാഹനങ്ങൾക്ക്** പകരമായി **രണ്ട് വാഹനം** വാടകക്ക് എടുക്കുന്നതിന് അനുമതി നൽകുന്നു;

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്.(E:2852232/DEV-3/107/2024-Fin dated 25.12.2025)
ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
കരുതൽ ഫയൽ.(DB2/523/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 05-03-2026 17:18:38
സെക്ഷൻ ഓഫീസർ